# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

28/01/2024 | മാർക്ക് - 50

02.00 P.M. - 04.00 P.M. **STD - XI** സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10**

| | | |
|---|---|---|
| * ഈശോ | * പൗലോസ് ശ്ലീഹാ | * കൂദാശകൾ |
| * സ്നേഹം | * മാതൃകാജീവിതം | * ലൈംഗികത |
| * ബ്രഹ്മചാരികൾ | * കുടുംബജീവിതം | * യോഹന്നാൻ 1:5 |
| * സൃഷ്ടികർമ്മം | * മത്തായി 5:16 | * ദമ്പതികൾ |
| * മനുഷ്യന്റെ സ്വാർത്ഥത | * സുവിശേഷ ഭാഗ്യങ്ങൾ | * തൊഴിലിന്റെ മാഹാത്മ്യം |

1. ജീവിതത്തിന്റെ സമസ്തമേഖലകളിലും ശക്തിയും സൗന്ദര്യവും പകരുന്ന സിദ്ധിവിശേഷം
2. ഈശോയുടെ പ്രബോധനങ്ങളുടെ സാരം അറിയപ്പെടുന്നത് എങ്ങിനെ?
3. ദൈവസ്നേഹം കവിഞ്ഞൊഴുകുന്നതിന്റെ പ്രവൃത്തിരൂപം
4. അവിഭക്തമായ ഹൃദയത്തോടുകൂടെ കർത്താവിന് ശുശ്രൂഷചെയ്യാനായി ജീവിതം സമർപ്പിച്ചവർ
5. 'ലബോറെം എക്സെർച്ചെൻസ്' എന്ന ചാക്രികലേഖനത്തിന്റെ പ്രതിപാദനവിഷയം
6. "ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല." വചനഭാഗം എഴുതുക.
7. "അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ", എന്നു നിർദ്ദേശിച്ചതാര്?
8. ദൈവത്തിന്റെ സ്നേഹത്തിലും സൃഷ്ടികർമ്മത്തിലും നമ്മെ പങ്കുകാരാക്കുന്ന മഹാദാനം
9. അനീതിയുടെ മൂലകാരണം
10. സ്വർഗതുല്യമാകുന്ന ............ ഉം അന്തസ്സുറ്റ സാമൂഹികബന്ധങ്ങളും ഇല്ലായ്മ ചെയ്യുന്ന വലിയ സാമൂഹ്യതിന്മയാണ് മദ്യപാനം.

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X6=6**

11. എല്ലാ തൊഴിലുകളും മാന്യമാണ്. എന്തുകൊണ്ട്?
12. ക്രൈസ്തവ ജീവിതത്തിൽ അനിവാര്യമാകേണ്ട ഉപ്പിന്റെ മൂന്നു ഗുണങ്ങൾ ഏവ?

13. മാധ്യമങ്ങളുടെ പ്രധാനലക്ഷ്യങ്ങൾ ഏവ?
14. ക്രിസ്തുശിഷ്യരെ ഉപ്പിനോടും പ്രകാശത്തോടും സാദൃശ്യപ്പെടുത്തുന്നതിലൂടെ ഈശോ വെളിപ്പെടുത്തുന്നത് എന്ത്?
15. ജോൺ ഇരുപത്തിമൂന്നാമൻ പാപ്പ പുറപ്പെടുവിച്ച 'മാതാവും ഗുരുനാഥയും' എന്ന ചാക്രികലേഖനത്തിൽ പ്രതിപാദിക്കുന്നത് എന്ത്?
16. ഉപഭോഗസംസ്കാരം വ്യാപകമാകുന്ന പശ്ചാത്തലം ഏത്?

**C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക** **2X3=6**

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

17. അദ്ധ്വാനത്തെ ദൈവാരാധനയാക്കി മാറ്റാൻ സാധിക്കുന്നത് എങ്ങിനെ?
18. സംവിധാനാത്മക തിന്മ എന്നാൽ എന്ത്?
19. തന്റെ ശിഷ്യന്മാരോട് നിങ്ങൾ ലോകത്തിന്റെ പ്രകാശമാണെന്നു ഈശോ പറഞ്ഞതിന്റെ അർത്ഥമെന്ത്?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **2X4=8**

20. സീറോ-മലബാർ സഭയുടെ വിശുദ്ധ കുർബാനയിലെ (കുർബാന സ്വീകരണത്തിന് ശേഷമുള്ള കൃതജ്ഞതാപ്രകാശനം) 'പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ സ്തുത്യർഹവും....' എന്ന ശുശ്രൂഷിയുടെ പ്രാർത്ഥനയ്ക്ക് സമൂഹം നൽകുന്ന മറുപടി എഴുതുക.
21. ആഗോള വിശപ്പിന്റെ അടിസ്ഥാനപരമായ കാരണം എന്താണെന്നാണ് ഫ്രാൻസിസ് പാപ്പ പറയുന്നത്?
22. വചനം പൂർത്തിയാക്കുക. ലൂക്കാ 6:45 "നല്ല മനുഷ്യൻ.........."
23. 2023-2024 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യം 'നന്മയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'കുരിശും ഉത്ഥിതനായ ഈശോയും' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

(ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ചോദ്യങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉപന്യാസം തയ്യാറാക്കുക.)

24. വിവാഹത്തിനുമുമ്പും വിവാഹത്തിനു പുറത്തുമുള്ള ലൈംഗിക പ്രവൃത്തികൾ പ്രമാണലംഘനവും ഗൗരവമേറിയ തിന്മയുമായി മാറുന്നത് എന്തുകൊണ്ട്? എട്ടാം പാഠത്തെ ആസ്പദമാക്കി വിവരിക്കുക.
25. നിങ്ങൾ പങ്കെടുത്ത 'ഔട്ട്റീച്ച്' പ്രോഗ്രാമിനെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ച്ചപ്പാടുകൾ എന്തൊക്കെ? ഈ പ്രോഗ്രാമിന്റെ ആവശ്യകതയും പ്രസക്തിയും നിങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ടോ? ഈ പ്രോഗ്രാമിനെക്കുറിച്ചുള്ള നിങ്ങളുടെ ആത്മാർത്ഥമായ വിലയിരുത്തലുകൾ എന്തെല്ലാം?

| | |
|---|---|
| 26. ഇന്റേണൽ അസസ്സ്മെന്റ്:<br>മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | 10 |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**29/01/2023** | **മാർക്ക് - 50**

**02.00 P.M. - 04.00 P.M.** **STD - XI** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം പദപ്പെട്ടിയിൽ നിന്നും എടുത്തെഴുതുക 1X5=5

1. കാർഡിനൽ ന്യൂമാന്റെ പ്രസിദ്ധമായ പ്രാർത്ഥന ഏത്?
2. അന്യായമായ സ്വത്തുസമ്പാദനം രക്ഷയുടെ അനുഭവത്തിൽനിന്ന് നമ്മെ അകറ്റുമെന്ന് പഠിപ്പിച്ച സുവിശേഷ കഥാപാത്രമേത്?
3. മനുഷ്യൻ അദ്ധ്വാനിക്കുമ്പോൾ വസ്തുക്കൾക്കും സമുദായത്തിനും നവ രൂപം നൽകുക മാത്രമല്ല, സ്വന്തം വ്യക്തിവികാസം സാധിക്കുകകൂടി ചെയ്യുന്നുണ്ട് എന്ന് പഠിപ്പിക്കുന്ന പ്രമാണരേഖ ഏത്?
4. പൗലോസ് ശ്ലീഹാ വിവാഹബന്ധത്തെ എന്തിനോടാണ് ഉപമിക്കുന്നത്?
5. തങ്ങൾക്കുള്ള സമ്പത്തിൽനിന്ന് നൽകേണ്ട നികുതികൾ കൃത്യ മായി കൊടുക്കേണ്ടതുണ്ടെന്ന് വി. പൗലോസ് പ്രബോധിപ്പിക്കുന്ന വചനഭാഗമേത്?

**പദപ്പെട്ടി**

| |
|---|
| ക്രിസ്തുവും സഭയും |
| ഇടയനും ആടുകളും |
| റോമ 13:7 |
| ജായ്റോസ് |
| സൃഷ്ടി കർമ്മം |

**പദപ്പെട്ടി**

| |
|---|
| സഭ ആധുനികലോകത്തിൽ |
| വെളിച്ചമെ നയിച്ചാലും |
| സക്കേവൂസ് |
| റോമ 7:13 |
| ജനതകളുടെ പുരോഗതി |

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

6. 'ദൈവത്തിനുള്ളത് ദൈവത്തിനും സീസറിനുള്ളത് സീസറിനും' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
7. എന്താണ് നീതി?
8. നമ്മുടെ സമ്പത്തിന്റെ ഒരു ഓഹരി ദൈവത്തിന് കൊടുക്കാൻ നാം കടപ്പെട്ടവരാണെന്ന് മലാക്കി പ്രവാചകനിലൂടെ ദൈവം നമ്മോട് ആവശ്യപ്പെടുന്നത് എന്തുകൊണ്ട്?
9. എന്തുകൊണ്ടാണ് സാമൂഹ്യതിന്മ (Social sin) പാപമാകുന്നതും നാശ ത്തിന് കാരണമാകുന്നതും?
10. ധനസമ്പാദനം എപ്പോഴാണ് തിന്മയാകുന്നത്?

## C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക 2X10=20

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയ വിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

11. സ്വകാര്യസ്വത്താവകാശത്തെക്കുറിച്ചുള്ള സഭയുടെ കാഴ്ചപ്പാട് എഴുതുക.
12. ബ്രഹ്മചര്യജീവിതം രക്ഷാകരമായ ഒരു ദൈവവിളിയാണ്. പ്രസക്തിയും പ്രാധാന്യവും വ്യക്തമാക്കുക.
13. ബർണ്ണാർദുപുണ്യവാന്റെ ജപം (എത്രയും ദയയുള്ള മാതാവേ) എന്ന പ്രാർത്ഥന എഴുതുക.
14. അദ്ധ്വാനത്തിന്റെ മാഹാത്മ്യം സൂചിപ്പിക്കുന്ന ഒരു ബൈബിൾ വചനം എഴുതുക.
15. ദൈവത്തിനായി മാറ്റിവയ്ക്കേണ്ട ദശാംശം ഏതെല്ലാം കാര്യങ്ങൾക്കായി വിനിയോഗിക്കണം?
16. 'മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾകണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ' (മത്താ 5:16). ഈ വചനം അനുസരിച്ച് ജീവിക്കാൻ നാം എന്തെല്ലാം ചെയ്യണമെന്നു വിശദമാക്കുക.
17. അദ്ധ്വാനം ദൈവാരാധനയാക്കി മാറ്റിയവരുടെ തൊഴിലിനോടുള്ള മനോഭാവം എന്തായിരുന്നു?
18. ക്രിസ്തുശിഷ്യന്റെ ദൗത്യം എന്താണ്?
19. സീറോമലബാർ സഭയുടെ ഹയരാർക്കി സ്ഥാപിതമായപ്പോൾ ആസ്ഥാന അതിരൂപതയായി ഉയർത്തപ്പെട്ട രൂപത ഏത്? സീറോമലബാർ സഭയുടെ പ്രഥമ മെത്രാപ്പോലീത്താ ആര്?
20. അവസാനവിധിയിൽ വലത്തുഭാഗത്തുള്ളവർ രാജ്യം അവകാശപ്പെടുത്താൻ കാരണമായതെന്ത്?

## D. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

21. ക്രിസ്തീയജീവിതം സാമൂഹ്യതിന്മകൾക്കെതിരെയുള്ള പോരാട്ടമാണെന്ന് ഈശോ തന്റെ ജീവിതത്തിലൂടെ പഠിപ്പിക്കുന്നു. 11-ാം പാഠഭാഗത്തെ ആസ്പദമാക്കി കേരളത്തിൽ ഇന്ന് പ്രബലപ്പെടുന്ന പ്രധാന സാമൂഹ്യതിന്മകൾക്കെതിരെ ക്രിസ്തീയവിശ്വാസ പ്രതിബദ്ധതയോടെ എങ്ങനെയെല്ലാം പോരാടാം എന്ന് സമർത്ഥിക്കുക. നിങ്ങളുടെ വിലയിരുത്തലുകളും അഭിപ്രായങ്ങളും ഉൾപ്പെടുത്താം.
22. കാലംചെയ്ത ബെനഡിക്ട് പതിനാറാമൻ മാർപാപ്പ 'സ്നേഹത്തിന്റെ കൂദാശ' എന്ന അപ്പസ്തോലികാഹ്വാനത്തിൽ വി. കുർബാനയുടെ മാഹാത്മ്യത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഇതിനെ ആസ്പദമാക്കി വി. കുർബാനയോടും ദിവ്യകാരുണ്യത്തോടുമുള്ള നിങ്ങളുടെ വിശ്വാസപരവും ആത്മീകവുമായ ബോധ്യങ്ങളും അനുഭവങ്ങളും കുറിയ്ക്കുക.

23. ഇന്റേണൽ അസസ്സ്മെന്റ്: 10

മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ.

# രണ്ടാം സെമസ്റ്റർ പരീക്ഷ (29/01/2023)

Std XI Answer Key

## A. ഏറ്റവും ശരിയായ ഉത്തരം പദപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (1X5=5)

1. വെളിച്ചമേ നയിച്ചാലും (Lesson 12, Page 85, Para1)
2. സക്കേവൂസ് (Lesson 9, Page 64, Para 2)
3. സഭ ആധുനികലോകത്തിൽ (Lesson 10, Page 72, Para 2)
4. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തോട് (Lesson 8, Page 59, Para 1)
5. "ഓരോരുത്തർക്കും അവകാശപ്പെട്ടിരിക്കുന്നതു കൊടുക്കുവിൻ. നികുതി അവകാശപ്പെട്ടവനു നികുതി" (റോമ 13:7). (Lesson 9, Page 65, Para 4)

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (1X5=5)

6. ദൈവത്തിനും രാഷ്ട്രത്തിനും ഉതകുന്ന വ്യക്തികളായി മാറേണ്ടവരാണ് ക്രൈസ്തവർ. അതിനാൽ തങ്ങൾക്കുള്ള സമ്പത്തിൽനിന്ന് നൽകേണ്ട നികുതികൾ കൃത്യമായി കൊടുക്കേണ്ടതുണ്ട്. (Lesson 9, Page 65, Para 3)
7. ഓരോരുത്തർക്കും അവകാശപ്പെട്ടത് നൽകുന്നതാണ് നീതി. (Lesson 11, Page 76-77, Para 4)
8. നാം അനുഗ്രഹിക്കപ്പെടാനും നമ്മുടെ ദേശം ആനന്ദപ്രദമാകാനും ദശാംശം നൽകുന്നത് വഴി തെളിക്കും. (Lesson 9, Page 66, Para 1)
9. മനുഷ്യനെ അനീതിക്കും ചൂഷണത്തിനും വിധേയമാക്കുകയോ തിന്മ ചെയ്യാൻ സമൂഹാംഗങ്ങളെ പ്രേരിപ്പിക്കുകയോ ചെയ്യുന്ന തെറ്റായ സാമൂഹ്യ സംവിധാനങ്ങളാണിവ. (Lesson 11, Page 76, Para 1)
10. സമ്പത്തിനുള്ള അവകാശം ഒരിക്കലും അന്യന്റെ അവകാശത്തിലുള്ള കൈകടത്തലോ അന്യന്റെ അവകാശത്തിന്റെ നിഷേധിക്കലോ ആകാൻ പാടില്ല. (Lesson 9, Page 63, Para 3)

## C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക (Main points) (2X10=20)

11. Lesson 9, Page 63, Para 3
- മനുഷ്യന്റെ സ്വാതന്ത്ര്യത്തിനും വളർച്ചയ്ക്കും സഹായിക്കും
- ധനസമ്പാദനം സാമൂഹ്യനീതിക്ക് എതിരാകാൻ പാടില്ല

12. Lesson 8, Page 60, Para 1
- ബ്രഹ്മചാരികൾ തങ്ങളുടെ മനസ്സും ശരീരവും പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുന്നു
- പരിപക്വമായ തീരുമാനത്തിലൂടെ സ്വന്തം ലൈംഗികശക്തിയെ സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രവർത്തനങ്ങൾക്കായി സമർപ്പിക്കുന്നു
- അവിഭക്തമായ ഹൃദയത്തോടെ കർത്താവിന് ശുശ്രൂഷ ചെയ്യുന്നു

13. എത്രയും ദയയുള്ള മാതാവേ, നിന്റെ സങ്കേതത്തിൽ ....... (നമസ്കാരം 24)

14. Lesson 10, Page 72, Para 1 (ഏതെങ്കിലും ഒരെണ്ണം)
- അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരും …….. (മത്താ 11 :28)
- സ്വന്തം കൈകൾകൊണ്ട് ഞങ്ങൾ അദ്ധ്വാനിക്കുന്നു (1 കോറി 4:28)
- ആർക്കും ഭാരമാകാതിരിക്കാൻ ....... (2 തെസ 3 :8)
- മോഷ്ടാവ് ഇനിമേൽ മോഷ്ടിക്കരുത്. …….. (എഫേ 4:28)

P T O

15. (Lesson 9, Page 66, Para 1)

- ദൈവാരാധനയ്ക്കും ദൈവശുശ്രൂഷകരുടെ സംരക്ഷണത്തിനും സഭയുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന
- ദരിദ്രരുടെ സഹായത്തിന
- സുവിശേഷ പ്രഘോഷണങ്ങൾക്ക്

16. Lesson 12, Page 85, Para 3

- വീട്ടിലും നാട്ടിലും പഠനസ്ഥലത്തും പണിശാലയിലുമൊക്കെ സത്യസന്ധമായ പെരുമാറ്റം
- പരസ്നേഹത്തിലധിഷ്ഠിതമായ പ്രവൃത്തി

17. Lesson 10, Page 71, Para 2

- സത്യസന്ധതയോടും അർപ്പണമനോഭാവത്തോടുംകൂടി തൊഴിൽ ചെയ്യുന്നു
- ആദരവോടെ തൊഴിൽ ചെയ്യുന്നു
- മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു
- ദൈവമഹത്വത്തിനായി ചെയ്യുന്നു
- മനുഷ്യസേവനമായി കാണുന്നു

18. Lesson 12, Page 83-84, Para 4

- മൂല്യങ്ങളെയും സത്യങ്ങളെയും കാത്തുസൂക്ഷിക്കുക
- മൂല്യങ്ങളുടെ സംവാഹകരും സംരക്ഷകരുമാകുക
- മൂല്യങ്ങൾക്കായി നിലകൊള്ളുക
- മൂല്യച്യുതിയിൽനിന്ന് സമൂഹത്തെ സംരക്ഷിക്കുക

19. എറണാകുളം അതിരൂപത (എറണാകുളം-അങ്കമാലി), മാർ അഗസ്റ്റിൻ കണ്ടത്തിൽ (സത്യദീപം, 2022, ഡിസംബർ 21, പേജ് 3)

20. എന്റെ ഏറ്റവും എളിയ സഹോദരങ്ങൾക്ക് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്/ശാരീരികങ്ങൾ 7 എണ്ണം (ബൈബിൾ, മത്തായി 25:35-36)

## D. **ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** (Main points) (5X2=10)

21. Lesson 11 * ഇന്ന് കേരളത്തിൽ പ്രകടമായ സാമൂഹ്യതിന്മകൾ

- മയക്കുമരുന്ന് ഉപയോഗം കുട്ടികളുടെ ഇടയിൽ
- രാഷ്ട്രീയ ഉത്തരവാദിത്വങ്ങളിലെ അനാസ്ഥയും അനീതികളും
- മതതീവ്രവാദത്തിന്റെ വളർച്ച
- നവമാധ്യമങ്ങളിലെ തിന്മകൾ
- വളർന്നു വരുന്ന ഉപഭോഗസംസ്കാരം
- അധാർമ്മിക തത്വചിന്താധാരകളുടെ സ്വാധീനം

22. പൊതുചോദ്യം

- വി. കുർബാന വിശ്വസിക്കേണ്ട രഹസ്യം * ആഘോഷിക്കേണ്ട രഹസ്യം * ജീവിക്കേണ്ട രഹസ്യം
- വി. കുർബാന വിരുന്നും ബലിയും
- കുരിശിലെ ബലിയുടെ പുനരവതരണം
- സജീവപങ്കാളിത്തം
- കൂദാശ ചെയ്ത അപ്പവും വീഞ്ഞും ഈശോയുടെ തിരുശ്ശരീരരക്തങ്ങളാണെന്ന ഉറച്ച വിശ്വാസം
- ഭയഭക്തി ബഹുമാനത്തോടെ, ആദരവും ആരാധനയും

*********

DEPARTMENT OF CATECHESIS ARCHDIOCESE OF ERNAKULAM - ANGAMALY